3. ജയിലർ - ആകെ തസ്തികകൾ - 12 ഏഴ് പേർ തസ്തിക മാറ്റംവഴി അസിസ്റ്റന്റ് ജയിലർ തസ്തികയിൽ നിയമിതരായി പ്രമോഷൻ ലഭിച്ചവരും അഞ്ച് പേർ പി.എസ്.സി. മുഖാന്തിരം അസിസ്റ്റന്റ് ജയിലർമാരായി തെരഞ്ഞെടുക്കപ്പെട്ട പ്രമോഷൻ ലഭിച്ചവരുമാണ്.

4. ഡെപ്യൂട്ടി ജയിലർ - ആകെ തസ്തിക - 14 (ഒരെണ്ണം ഒഴിഞ്ഞു കിടക്കുന്നു.) ഒരാൾ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് നേരിട്ട് ഡെപ്യൂട്ടി ജയിലർ തസ്തികയിൽ തസ്തികമാറ്റംവഴി നിയമിതനായി. രണ്ട് പേർ തസ്തിക മാറ്റംവഴി മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 ആയി നിയമിതരായി പ്രമോഷൻ ലഭിച്ചവരും മൂന്ന് പേർ അസിസ്റ്റന്റ് ജയിലർ തസ്തികയിൽ പി.എസ്.സി.വഴി നിയമിതരായി പ്രമോഷൻ ലഭിച്ചവരും ഏഴ് പേർ വാർഡർ തസ്തികയിൽ നിന്ന് പ്രമോഷൻ ലഭിച്ചവരുമാണ്.

5. അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1 ആകെ തസ്തികകൾ - 56 ഒമ്പത് തസ്തികകൾ യോഗ്യരായവരില്ലാത്തതിനാൽ ഒഴിഞ്ഞു കിടപ്പുണ്ട്. 14 പേർ പി.എസ്.സി. മുഖാന്തിരം നേരിട്ട് തെരഞ്ഞെടുക്കപ്പെട്ടവരും രണ്ട് പേർ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് തസ്തിക മാറ്റംവഴി നേരിട്ടും ആറ് പേർ തസ്തിക മാറ്റംവഴി മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 ആയി നിയമിക്കപ്പെട്ടു പ്രമോഷൻ ലഭിച്ചവരുമാണ്. 25 പേർ അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2-ൽ നിന്ന് പ്രമോഷൻ ലഭിച്ചവരാണ്.

6. അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2 - ആകെ തസ്തികൾ - 30 പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ആറ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഒരാൾ മാത്രം മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് തസ്തികമാറ്റംവഴി നിയമിക്കപ്പെട്ടതും ബാക്കി 23 പേർ ഹെഡ്വാർഡർമാരിൽ നിന്നും പ്രമോഷൻ ലഭിച്ചു വന്നവരുമാണ്.

കേന്ദ്രഫണ്ടിൽ നിന്ന് തിരുവനന്തപുരം കോർപ്പറേഷന് അനുവദിച്ച ഫണ്ട്

128 (840) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 വർഷങ്ങളിൽ കേന്ദ്രഫണ്ടിൽ നിന്ന് തിരുവനന്തപുരം കോർപ്പറേഷന് നഗര വികസനത്തിനായി ഏതെല്ലാം ഫണ്ടുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഓരോന്നിലും എന്ത് തുക വീതം അനുവദിച്ചു ;

(സി) എന്തു തുക ചെലവഴിച്ചു ;

(ഡി) ഇതിൽ ഏതെങ്കിലും ഫണ്ടിൽ നിന്നും അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാത്തതിന്റെ കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ജി) ഉദ്യോഗസ്ഥന്മാർ തടസ്സവാദങ്ങൾ ഉന്നയിച്ചതുമൂലം പല അടിസ്ഥാന സൗകര്യപദ്ധതികൾ നടപ്പാക്കാൻ സാധിക്കാതെ എന്ത് തുക ബാക്കിയുണ്ട് ;

(എച്ച്) ഈ തുക ലാപ്സായിപ്പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നഗരദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ, സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ). ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി.) വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബെ) എന്നീ പദ്ധതികളിലൂടെ 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം കോർപ്പറേഷന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

1. സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന

വർഷം	അനുവദിച്ച തുക
2001-02	27,30,500 രൂപ
2002-03	ഇല്ല

2. ദേശീയ ചേരിവികസന പരിപാടി

വർഷം	അനുവദിച്ച തുക
2001-02	84,47,000 രൂപ
2002-03	ഇല്ല

3. വാൽമീകി അംബേദ്കർ ആവാസ് യോജന

വർഷം	അനുവദിച്ച തുക
2001-02	64,00,000 രൂപ
2002-03	4,00,00,000 രൂപ

(സി) 1. എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം 1997-98 മുതൽ 2002-03 വരെയുള്ള കാലയളവിൽ 1,92,25,668 രൂപ ചെലവഴിച്ചിട്ടുണ്ട്. 2001-02, 2002-03 വർഷങ്ങളിലെ ചെലവ് 82,45,262 രൂപയാണ്.

2. എൻ.എസ്.ഡി.പി. പദ്ധതി പ്രകാരം 1997-98 മുതൽ 2002-03 വരെ 2,08,21,496 രൂപ ചെലവഴിച്ചു.

2001-02, 2002-03 കാലയളവിൽ 70, 29, 084 രൂപ ചെലവഴിച്ചു.

3. വാംബെ പദ്ധതി പ്രകാരം അനുവദിച്ച തുകയൊന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ഉത്തരം അനുബന്ധം I ആയി ചേർക്കുന്നു*.

(ജി) ഉദ്യോഗസ്ഥന്മാർ തടസ്സവാദം ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ഈ പദ്ധതികൾക്ക് അനുവദിച്ച തുക ലാപ്സാകുന്നതല്ല.

മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്ന ഗവേഷണങ്ങൾ

129 (846) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ആധുനിക ചികിത്സാ ശാസ്ത്രത്തിലോ ഭൈഷജ്യ ശാസ്ത്രത്തിലോ (മരുന്നു സംബന്ധമായ ശാസ്ത്രം) ഗവേഷണം നടത്തുന്നുണ്ട് ;

(ബി) ആരെല്ലാമാണ് ഇപ്പോൾ പ്രസ്തുത ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുള്ളത് ;

(സി) എന്തെല്ലാം കാര്യങ്ങളിലാണ് ഇവർ ഗവേഷണം നടത്തുന്നത് ;

(ഡി) ഗവേഷണത്തിലേർപ്പെട്ടിട്ടുള്ളവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകിവരുന്നു ;

(ഇ) ഡോക്ടർമാരെ ഇത്തരം ഗവേഷണങ്ങളിലേക്ക് ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലും തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം ആയുർവേദ കോളേജ് ഇതുസംബന്ധിച്ച് ഗവേഷണം നടന്നുവരുന്നുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ്

1. ഡോ. സി.ആർ. സുധാകരൻ നായർ
2. പ്രൊഫ. ബി. സീതാദേവി
3. ഡോ. ജോയമ്മ വർക്കി
4. ഡോ. വി. പത്മജ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly